മുഖ്യമന്ത്രി (ശ്രീ.ഇ.കെ.നായനാർ) : സർ, 20-2-2000-ൽ കോട്ടയത്ത് നടന്ന മഹാത്മാഗാന്ധി സർവ്വകലാശാല ദക്ഷിണ മേഖല യുവജനോത്സവത്തിൽ പങ്കെടുത്ത് മടങ്ങുകയായിരുന്ന ചങ്ങനശ്ശേരി എസ്.ബി.കോളേജിലെ വിദ്യാർത്ഥികളെ ഒരു സംഘം ആളുകൾ ആക്രമിച്ചതായി കാണിച്ച് 21-2-2000-ന് എസ്.ബി കോളേജ് പ്രിൻസിപ്പലിൽ നിന്ന് പരാതി ലഭിച്ചു. ഇതേ തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 68/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. ആർക്കെങ്കിലും പരിക്കു പറ്റിയതായോ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായോ അന്വേഷണത്തിൽ വിവരം ലഭിച്ചതായി അറിയുന്നില്ല. അന്വേഷണം ത്വരിതപ്പെടുത്താൻ കോട്ടയം എസ്.പി.ക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(4) ശാസ്ത്രീയമായ റവന്യൂ താലൂക്ക് പുന:സംഘടന നടപ്പിലാക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ജി. സുധാകരൻ : സർ, ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സുപ്രധാന നയമായി ശാസ്ത്രീയമായ റവന്യൂ പുന:സംഘടന നടപ്പാക്കുമെന്ന് പ്രഖ്യപിച്ചിരുന്നല്ലോ. എന്നാൽ ഈ സർക്കാരിന് ഇനി 14 മാസം മാത്രം കാലാവധി ബാക്കിയുള്ളപ്പോഴും റവന്യൂ പുന:സംഘടന പ്രഖ്യാപിച്ചിട്ടില്ല എന്നുള്ളത് ഖേദകരമാണ്. താലൂക്ക് പുന:സംഘടന മുൻനിർത്തി പ്രധാനപ്പെട്ട കമ്മിഷൻ റിപ്പോർട്ടുകൾ സർക്കാരിന് കിട്ടിയിട്ട് മൂന്നു വർഷങ്ങൾ കഴിഞ്ഞുവല്ലോ. രണ്ട് റിപ്പോർട്ടുകളും പരിശോധിച്ച് ഒരു പുതിയ രേഖ സർക്കാർ തയ്യായാക്കുമെന്ന പ്രഖ്യാപനവും കണ്ടിരുന്നു. എന്നാൽ നടപടി ഉണ്ടായതായി കാണുന്നില്ല. രണ്ട് കമ്മിഷൻ റിപ്പോർട്ടുകളിലും കായംകുളം താലൂക്ക് രൂപീകരിക്കണമെന്നുള്ള നിർദ്ദേശം അടങ്ങിയിട്ടുള്ളതായി മനസ്സിലാക്കുന്നു. കായംകുളം താലൂക്ക് ഉടനെ രൂപീകരിക്കണമെന്നും ഈ വർഷം തന്നെ നിലവിൽ കൊണ്ടുവരാൻ മുൻകൈ എടക്കണമെന്നും അഭ്യർത്ഥിക്കുന്നു. മുപ്പതു വർഷത്തിലേറെ കാലമായുള്ള ദീർഘമായ ആവശ്യമാണ് കായംകുളം താലൂക്കിനു വേണ്ടിയുള്ളതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. താലൂക്കുകൾ രൂപീകരിക്കുകയാണെങ്കിൽ കായംകുളവും ഉൾപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട അങ്ങും ബഹുമാനപ്പെട്ട മന്ത്രി ചന്ദ്രശേഖരൻ നായരും കായംകുളത്തു വച്ച് പരാമർശിച്ചിട്ടുള്ളത് ഞാൻ നന്ദിപൂർവ്വം ഓർക്കുകയാണ്. സഖാവ് എം.എൻ.ഗോവിന്ദൻ നായർ, സഖാവ് ശങ്കരനാരായണൻ തമ്പി, സഖാവ് എൻ.ശ്രീധരൻ, സഖാവ് പുതുപ്പള്ളി രാഘവൻ, സഖാവ് കെ.പി.എ.സി.കേശവൻ പോറ്റി, സഖാവ് ഐഷാഭായി തുടങ്ങിയ കമ്മ്യൂണിസ്റ്റ് നേതാക്കൻമാരും പി.കെ.കുഞ്ഞുസാഹിബ്, എം.കെ.ഹേമചന്ദ്രൻ, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണ പിള്ള, ഇപ്പോൾ അന്തരിച്ച തച്ചടി പ്രഭാകരൻ, സഖാവ് കാമ്പിശ്ശേരി, സഖാവ് തോപ്പിൽ ഭാസി തുടങ്ങിയ എല്ലാപേരും കായംകുളം താലൂക്ക് അവരുടെ ജീവിതക്കാലത്ത് രൂപീകരിക്കണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചവരായിരുന്നു. എന്നാൽ അത് നടന്നിട്ടില്ല. ആലപ്പുഴ-കോട്ടയം റെയിൽവേകളുടെ ജംഗ്ഷൻ, ടി.വി.റിലേ കേന്ദ്രം, സി.പി.സി.ആർ. കാർഷിക

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലയുടെ മേഖലാ ഗവേഷണ കേന്ദ്രം, കായംകുളം താപനിലയം, കായംകുളം ഫിഷറീസ് ഹാർബർ, നിർദ്ദിഷ്ട കായംകുളം തുറമുഖം, ഓച്ചിറ മഹാക്ഷേത്രം, കായംകുളം സസ്യ മാർക്കറ്റ്, കൃഷ്ണപുരം കൊട്ടാരം, ഇരട്ടിപ്പിക്കുന്ന നാഷണൽ ഹൈവേ, 6000 വിദ്യാർത്ഥികൾ പഠിക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ കോളേജ് ആയ എം.എസ്.എം.കോളേജ്, കായംകുളം മുനിസിപ്പാലിറ്റി, ഹെഡ് പോസ്റ്റ് ആഫീസ്, കമ്പി തപാൽ മേഖലാ ആഫീസ്, പാസഞ്ചർ ബസ് സർവ്വീസുകളുടെ കേന്ദ്രം, കെ.എസ്.ആർ.ടി.സി.യുടെ കേരളത്തിലെ ഏറ്റവും കളക്ഷനുള്ള ബസ് സ്റ്റേഷൻ, വിവിധ മരാമത്ത് ആഫീസുകൾ, സർക്കാർ ആശുപത്രി, 150 വർഷം പഴക്കമുള്ള കായംകുളം ഗവ: ഹൈസ്കൂൾ, കേന്ദ്ര എക്സൈസ് ആഫീസ്, എൽ.ഐ.സി. ഡിവിഷൻ ആഫീസ് തുടങ്ങി ഒരു താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിന് ആവശ്യമായ മിക്കവാറും എല്ലാ സൗകര്യങ്ങളും കായംകുളത്ത് ഉണ്ട്. ഇന്നല്ലെങ്കിൽ നാളെ കായംകുളം താലൂക്ക് ഉണ്ടാകുമെന്ന് എല്ലാപേർക്കും അറിയാം. അങ്ങയുടെ കാലത്തുതന്നെ കായംകുളം താലൂക്ക് രൂപീകരിക്കണമെന്നാണ് എനിക്ക് നിർബന്ധമുള്ളത്. അങ്ങ് ഈ സംസ്ഥാനത്ത് മറ്റു ആവശ്യമായ താലൂക്കുകൾ രൂപീകരിക്കുന്നതോടൊപ്പം കായംകുളം താലൂക്കും ഈ വർഷം തന്നെ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : സർ, സംസ്ഥാനത്ത് 14 ജില്ല, 61 താലൂക്ക്, 20 ഡിവിഷനുകൾ എന്നിവയാണ് ഉണ്ടായിരുന്നത്. 1995-ൽ രണ്ട് താലൂക്കുകളും ഒരു ഡിവിഷനും കൂടി രൂപീകരിക്കപ്പെട്ടു. അങ്ങനെ 63 താലൂക്കുകളും 21 ഡിവിഷനുമാണ് ഇപ്പോൾ നിലവിലുള്ളത്. താലൂക്കുകളും വില്ലേജുകളുമൊക്കെ പുന:സംഘടിപ്പിക്കൽ ഉടനെ ആവശ്യമാണെന്ന നിലയിൽ ധാരാളം ജനപ്രതിനിധികൾ, സാമൂഹിക സംഘടനകൾ, രാഷ്ട്രീയ നേതാക്കൻമാർ,തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഇവരുടെയൊക്കെ ധാരാളം നിവേദനങ്ങൾ ലഭിക്കുന്നുണ്ട്. പട്ടാമ്പി, ഈരാറ്റുപേട്ട, കായംകുളം മുതലായവയ്ക്കായി നിവേദനങ്ങൾ നിരന്തരം പല കോണുകളിൽ നിന്നും ലഭിക്കുന്നുണ്ട്. റവന്യൂ സംവിധാനമാകെ പുന:സംവിധാനം ചെയ്യുന്നതിന്റെ ഭാഗമായി കുറെയേറെ പ്രവൃത്തികൾ നടന്നു കഴിഞ്ഞു. അതിന്റെ ഭാഗമായി ചെയ്യേണ്ട ജോലിയാണിത്. ഈ ഗവൺമെന്റ് വന്നപ്പോൾ തുടക്കത്തിൽ റവന്യൂ ബോർഡ് പിരിച്ചു വിട്ടു. റവന്യൂ വകുപ്പ് പുന:സംവിധാനം ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാത്ത രീതിയിൽ 4615 ആളുകൾക്ക് ഒന്നിച്ച് പ്രൊമോഷൻ ലഭിച്ചു. അവരുടെ ഗ്രേഡുകളിൽ വർദ്ധനവ് ഉണ്ടായി. അങ്ങനെ ഇതിന്റെ ഭാഗമായി ഒരുപാട് വിഭജനം ഉണ്ടായി. എല്ലാ മണ്ഡലങ്ങളും താലൂക്ക് ആകണമെന്ന നിലയിൽ ആവശ്യം ഉയർന്നിട്ടുണ്ട്. എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് സാദ്ധ്യതകൾ കുറയുമെന്നുള്ളതു കൊണ്ട് എല്ലാ പേരുകളും പറയുന്നില്ല. പുതിയ താലൂക്കുകൾ അനുവദിക്കുക എന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയം തന്നെയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ആ നിർദ്ദേശങ്ങൾ പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് മറ്റ് വിശദാംശങ്ങളുടെ ആവശ്യമില്ല. ഭൂമിശാസ്ത്രപരമായ പിന്നോക്കാവസ്ഥ, ജനസംഖ്യ, വിസ്തീർണ്ണം ഇതൊക്കെയാണ് പുതിയ താലൂക്ക്

LIBRARY ARCHIVES Kerala Legislative Assembly

രൂപീകരിക്കുന്നതിന് പ്രധാനപ്പെട്ട ഘടകങ്ങളായി സ്വീകരിക്കുന്നത്. ഒരു താലൂക്ക് രൂപീകരിക്കണമെങ്കിൽ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ അഞ്ചു ലക്ഷം വരെ ജനസംഖ്യയും വേണം. എന്നാൽ പൊതുവെയുള്ള ധാരണ അതിൽ നിന്നും വ്യത്യസ്തമാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് തീർച്ചയായും താലൂക്ക് രൂപീകരണം, വില്ലേജ് പുന:സംവിധാനം, ഡിവിഷൻ പുന:സംവിധാനം എന്നിവ ഉണ്ടാകണമെന്നു തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി മാറിമാറി വന്ന ഓരോ ഗവൺമെന്റും ഈ ആവശ്യം അംഗീകരിച്ച് നടപ്പിലാക്കുമെന്ന് പറഞ്ഞെങ്കിലും എന്തുകൊണ്ടോ ആ കാലത്തൊന്നും സാധിച്ചിട്ടില്ല. അതുകൊണ്ടാണ് ഗവൺമെന്റ് രണ്ട് റിപ്പോർട്ടുകൾ വരുത്തുകയും പരിശോധനക്ക് വിധേയമാക്കുകയും ചെയ്തത്. റിപ്പോർട്ടുകളൊക്കെ അതാതു കാലത്തെ പല സ്വാധീനങ്ങൾക്കും വശംവദമായവയായതിനാലും പ്രതികൂലമായ പ്രതിഫലനങ്ങൾ ഉണ്ടാക്കാവുന്നവയായതിനാലും അതേപടി സ്വീകരിക്കുന്നില്ല. എന്നാൽ ബഹുജനങ്ങളുടെ വികാരങ്ങളും പ്രാദേശികമായിട്ടുള്ള സാഹചര്യങ്ങളും കണക്കിലെടുത്തുക്കൊണ്ട്, റവന്യൂ പുന:സംവിധാനം പൂർത്തിയാകുന്ന മുറയ്ക്ക് താലൂക്ക് പുന:സംവിധാനവും നിർവഹിക്കുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ വ്യക്തമായ അഭിപ്രായം. ഇപ്പോൾ സാങ്കേതികമായി നമ്മുടെ മുന്നിൽ ഒരു തടസ്സമുണ്ട്. ഇപ്പോൾ സെൻസസ്സിന്റെ വർക്കുകൾ ആരംഭിച്ചു. സെൻസസ്സ് ഡയറക്ടർ ജനറലിന്റെ നിർദ്ദേശമനുസരിച്ച് 2001 മാർച്ച് വരെ ഇപ്പോൾ നിലവിലുള്ള അതിർത്തികളിൽ യാതൊരു മാറ്റവും പാടില്ലായെന്നും കേന്ദ്ര നിർദ്ദേശമുണ്ട്. അതുകൊണ്ട് വില്ലേജ് പുന:സംവിധാനം പോലും ഈ ഇടക്കാലങ്ങളിൽ നിർത്തി വയ്ക്കേണ്ടതായി വന്നു. 2001 മാർച്ചിനു മുമ്പ് ഇതിന്റെ നടപടികൾ മുഴുവൻ പൂർത്തിയാകും. നേരത്തെ പറഞ്ഞ ഘടകങ്ങളെല്ലാം ഒത്തുവരുന്ന അപൂർവ്വം താലൂക്കുകളിൽ ഒന്നാണ് കായംകുളം എന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ പറഞ്ഞ എല്ലാ അനുകൂല ഘടകങ്ങളുമുള്ള പ്രദേശങ്ങളിൽ ഒന്നാണ് പട്ടാമ്പി. അതുകൊണ്ട് താലൂക്ക് രൂപീകരണം ഉണ്ടാകുമ്പോൾ പട്ടാമ്പിയോടൊപ്പം കായംകുളവും ഉണ്ടാകും. അതുപോലെ പരിഗണനാർഹമായ താലൂക്കുകൾ ഏതാണെങ്കിലും അതുംകൂടി ഉൾപ്പെടുത്തുന്നതാണ്.

(5) മലയോര മേഖലയിലെ കൈവശഭൂമിക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച്

<u>ശ്രീ. പി. പി. സുലൈമാൻ റാവുത്തർ</u>: സർ, വളരെ നാളത്തെ കാത്തിരിപ്പിനുശേഷമാണ് മലയോര കർഷകർക്ക് പട്ടയം കൊടുക്കാനുള്ള തീരുമാനം ഉണ്ടാകുന്നത്. തികഞ്ഞ നിശ്ചയദാർഢ്യത്തോടു കൂടി സംസ്ഥാന സർക്കാരും പ്രത്യേകിച്ച് റവന്യൂ വകുപ്പുമന്ത്രിയും എടുത്ത നിലപാടാണ് ഇപ്പോഴെങ്കിലും പട്ടയം ലഭിക്കുന്നതിന് ഇടയാക്കിയത്. പട്ടയം നൽകുന്നതിന് സർക്കാർ വച്ചിട്ടുള്ള നിബന്ധനകൾ കർഷകരെ നിരാശപ്പെടുത്തുന്നതാണ്. പട്ടയത്തിന് തറവില നൽകുന്നതോടൊപ്പം ഒരേക്കറിന് 5,000 രൂപ നഷ്ടപരിഹാരം നൽകണമെന്നുള്ള വ്യവസ്ഥയാണ് കർഷകരെ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നത്. മലയോര മെഖലയിൽ വലിയതോതിൽ ഉണ്ടായിട്ടുള്ള കൃഷിനാശവും വിലയിടിവും കർഷകരുടെ നട്ടെല്ല് ഒടിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly